# വിമതത്വത്തിന്റെ സംന്യാസം

ഫാ. ജോർജ് കാരക്കുന്നേൽ
9400088729

'വിമത' എന്ന വിശേഷണത്തിന് 'യോജിപ്പില്ലാത്തത്', 'അനിഷ്ടമായ', 'എതിരായ' എന്നീ രീതിയിലാണ് ശബ്ദതാരാവലി അർത്ഥം നൽകുന്നത്. ശ്രീ നാരായണഗുരുവിന്റെ ജീവിതത്തിനും ഗുരുവിന്റെ വേദാന്തദർശനത്തിനും ഈ വിശേഷണം ചേരുന്നതാണ്. സംന്യാസവ്യക്തിത്വമായിരുന്നു ഗുരുവിന്റേത്. എങ്കിലും അത് സംന്യാസ പാരമ്പര്യത്തിന്റെ വെറുമൊരു കോപ്പിയായിരുന്നില്ല. ജീവിതത്തിലും ദർശനത്തിലും ഗുരുവിന്റെ പ്രസക്തിതന്നെ നിർണ്ണയിച്ചതാണ് ഈ വിമതത്വം. സാധാരണ രീതിയിൽ രാഷ്ട്രീയരംഗത്തും പൊതുരംഗത്തും വിമതത്വം വ്യക്തിതാത്പര്യങ്ങളുടേയും സ്വാർത്ഥലക്ഷ്യങ്ങളുടേയും ഫലമാണ്. ശ്രീ നാരായണഗുരുവിന്റെ വിമതത്വം അങ്ങനെയല്ല. അത് വിമതമാകുന്നത് മനുഷ്യവ്യക്തിയുടേയും സമൂഹത്തിന്റേയും നന്മയ്ക്കായി സംന്യാസത്തെ പുനർവ്യാഖ്യാനം ചെയ്തതുകൊണ്ടും പുനരാവിഷ്കരിച്ചതുകൊണ്ടുമാണ്. വിമതത്വത്തിൽ ഇവിടെ നിഷേധസ്വഭാവവും ഒരു നവനിർമ്മിതിയുമുണ്ട്.

ഫിഷറീസ് സർവ്വകലാശാലയിലെ ഔദ്യോഗിക ഉത്തരാവദിത്വങ്ങൾക്കിടയിൽ, ജീവിതത്തെ ഗുരുകലം നൽകിയ ദർശനപാതയിൽ നയിച്ചുകൊണ്ട് സഫലമായക്കിയിട്ടുള്ള വ്യക്തിയാണ് പി.ആർ. ശ്രീകുമാർ. ചിന്താപ്രധാനവും ദാർശനിക സ്വഭാവവുമുള്ള പുസ്തകങ്ങൾ ഇതിനുമുമ്പും പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥകാരൻ, താൻ വളർത്തിയെടുത്ത അന്വേഷണശീലത്താലും രചനാതാല്പര്യത്താലും പ്രേരിതനായി കോവിഡ് രോഗവ്യാപ്തിയുടെ കാലത്തും വായിക്കുകയും എഴുതുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ പുസ്തകത്തിലെ ലേഖനങ്ങൾ രൂപപ്പെട്ടത്. രചയിതാവിന്റെ അന്വേഷണബുദ്ധിയും നിരീക്ഷണപാടവവും വിസ്മൃതമായ ചില ചരിത്രയാഥാർത്ഥ്യങ്ങളി

ലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. ശ്രീ നാരായണഗരുവുമായി ബന്ധപ്പെട്ട രണ്ട് അപൂർവ്വ വ്യക്തിത്വങ്ങളെ പഠനവിഷയമാക്കുന്നതാണ് ഈ പുസ്തകത്തിലെ പ്രധാന സവിശേഷത. ജോൺ സ്പിയേഴ്സും സ്വാമി ജോൺ ധർമ്മ തീർത്ഥരുമാണ് ഈ അപൂർവ്വ വ്യക്തിത്വങ്ങൾ. നടരാജഗുരുവും സ്വാമി ആന ന്ദതീർത്ഥലും ഏണസ്റ്റ് കിർക്കും ഇവരോടൊപ്പം ശ്രീകുമാർ പഠനവിഷയമാ ക്കിയിട്ടുണ്ട്. മനപൂർവ്വമോ അല്ലാതെയോ ശ്രീ നാരായണഗുരു ചിന്തകർ ഇവ രെയെല്ലാം മറന്നതായിരിക്കാം. സ്വതന്ത്രമായ അന്വേഷണത്തിന്റെ ഫലമായി വേറെ വഴി തിരഞ്ഞെടുത്തതുകൊണ്ടോ, അനുയായികൾ രൂപം നൽകിയ പ്രധാന ധാരയിൽനിന്നു വിഭിന്നമായ കാഴ്ചപ്പാടിനുവേണ്ടി നിലകൊണ്ടതു കൊണ്ടോ ആകാം ഇവർ അപ്രധാന വ്യക്തികളായിത്തീർന്നത്. ശ്രീ നാരായ ണഗുരുവുമായി ബന്ധപ്പെട്ട സംന്യാസ വ്യക്തിത്വങ്ങൾ തന്നെയായിരുന്നു ഇവരെല്ലാവരും. വിയോജിപ്പും വിമതത്വവും ഇവരെ നയിച്ചത് ക്രിയാത്മക മായ ജീവിതപാതയിലേക്കാണ്. ശ്രീ നാരായണഗുരു ലോകത്തിനു നൽകിയ ലോകവീക്ഷണം വൈരുദ്ധ്യങ്ങളെപ്പോലും സമന്വയിപ്പിക്കുന്നതാണ്.

സംന്യാസത്തിന്റെ അർത്ഥം ‘നല്ലവണ്ണമുള്ള ഉപേക്ഷിക്കൽ’ എന്നാണ് അവതാരിക എഴുതിയിട്ടുള്ള സച്ചിദാനന്ദസ്വാമി ചൂണ്ടിക്കാണിക്കുന്നത്. ശ്രീ നാരായണഗുരുവിൽ ഇതു യാഥാർത്ഥ്യമായപ്പോൾ വേറിട്ട ഒരു സംന്യാസപാ രമ്പര്യത്തിനുതന്നെ തുടക്കം കുറിച്ചു. ശ്രീ ശങ്കരാചാര്യരുമായി താരതമ്യം ചെയ്യുമ്പോൾ, ശ്രീ നാരായണഗുരുവിന്റെ സംന്യാസത്തിലും ദർശനത്തിലും ഒരു വ്യത്യസ്തതയുണ്ട്. അതാണ് ഗുരുവിന്റെ മൗലികത. അത് വേദാന്തത്തെ ത്തന്നെ പരിണാമവിധേയമാക്കുന്നതായിരുന്നു. അത് ഉൾക്കൊണ്ട ഗുരുവിന്റെ സംന്യാസം ക്രിയാത്മകമായ സാമൂഹിക ഇടപെടലുകളിലേക്കും പ്രവർത്തന പദ്ധതികളിലേക്കും നയിക്കുന്നതായിരുന്നു. ഭാരതീയ മത-ദാർശനിക പാരമ്പ ര്യത്തിലെ സമീപകാല പ്രതിഭയായി മാത്രമെ ഗുരുവിനെ കാണുവാൻ മാത്രമേ അധികം പേർക്കും സാധിക്കുകയുള്ളു എന്ന കാര്യം ശ്രീകുമാർ തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ആത്മീയതയിലെ വ്യത്യസ്തത,

ദർശനത്തിലെ വിപ്ലവാത്മകത, സമൂഹത്തിൽ തൽഫലമായി ഉണ്ടായ മാറ്റങ്ങൾ – പല പഠിതാക്കൾക്കും ഇവയൊന്നും കാണാനാവില്ലെന്ന് രചയിതാവ് ചൂണ്ടിക്കാട്ടുന്നുണ്ട്. ചരിത്രരചനയെക്കുറിച്ചു പറയുമ്പോൾ ജാതിചിന്ത ഉണ്ടാക്കുന്ന മുൻവിധികളും അവ സൃഷ്ടിക്കുന്ന അന്ധതയും എപ്രകാരം ചരിത്രയാഥാർത്ഥ്യങ്ങളെ വികലമാക്കി കാണിക്കുന്നുണ്ടെന്നു നിരീക്ഷിക്കുന്നതും ശ്രദ്ധേയമാണ്.

കേരളത്തിന്റെ വികസനചരിത്രത്തെക്കുറിച്ചെഴുമ്പോൾ, ശ്രീ നാരായണ ഗുരുവിന്റെ സ്വാധീനം പുസ്തകം അവതരിപ്പിക്കുന്നുണ്ട്. 'മൗനത്തിന്റെ നാനാർത്ഥങ്ങൾ' ഋഷിപാരമ്പര്യത്തിലെ മിസ്റ്റിസിസത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. 'ഗുരുദർശനത്തിലേക്ക് ഒരു പ്രവേശിക' എന്ന തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ ഗുരുവിന്റെ കൃതികളേയും ജീവിതദർശനത്തേയും സംബന്ധിച്ച് നല്ലൊരു മുഖവുരയാണ് നൽകുന്നത്. 'ഗുരുദേവന്റെ ജ്ഞാനവിഗ്രഹം' സുജിത്ത് ശിവാനന്ദുമായി നടത്തപ്പെട്ട അഭിമുഖമാണ്. ഗുരുവിന്റെ വ്യക്തിത്വവും കലയുടെ സൗന്ദര്യവും പ്രകാശിപ്പിക്കുന്ന ശില്പം ഭാവനയിൽക്കണ്ട് അതിന് ആവിഷ്കാരം നൽകിയ മാനേജ്മെന്റ് വിദഗ്ധനാണ് ശിവാനന്ദ്. 'ആശാന് ഒരു പുതിയ ദൃശ്യവ്യാഖ്യാനം' എന്ന ലേഖനവും ഇപ്രകാരമുള്ള ഒരഭിമുഖമാണ്. ശ്രീ നാരായണഗുരുവിനെ പഠിക്കുന്നവർ സ്വാഭാവികമായി കുമാരനാശാനേയും കണ്ടെത്തും. 'ഏറ്റവും ജനശ്രദ്ധ ലഭിച്ച ഗുരുദേവശിഷ്യൻ' ആയിരുന്ന കുമാരനാശാനെക്കുറിച്ചുള്ള അറിവ് നൽകുന്ന സംഭാഷണമാണ് ശിവാനന്ദുമായി ഗ്രന്ഥകർത്താവ് നടത്തുന്നത്.

ശ്രീ നാരായണഗുരു ദർശത്തിലേക്ക് വാതായനങ്ങൾ തുറന്നിടുന്ന ശ്രീകുമാറിന്റെ പുസ്തകത്തിലെ അവസാന ലേഖനം ഒരു സുപ്രധാന നിർദേശമാണ് മുന്നോട്ടുവയ്ക്കുന്നത് : 'ഒരു ശ്രീ നാരായണഗുരു ഡിജിറ്റൽ ആർക്കൈവിന്റെ ആവശ്യകത.' രണ്ട് അനുബന്ധങ്ങളും പുസ്തകത്തിന്റെ

അവസാനം കാണാം : ഗുരു നിത്യചൈതന്യയതിയുടെ 'എസ്.എൻ.ഡി.പി. യോഗത്തിന്റെയും ശ്രീ നാരായണധർമ്മസംഘം ട്രസ്റ്റിന്റെയും അറിയപ്പെടാത്ത ചരിത്രം'' എന്ന ലേഖനത്തിന്റെ പ്രസക്തഭാഗങ്ങളാണ് ഒന്നാമത്തേത്. രണ്ടാമത്തേത് സ്വാമി ജോൺ സ്പേയേഴ്സ് എഴുതിയ ഇംഗ്ലീഷ് ലേഖനത്തിന്റെ പരിഭാഷ 'ഒരു ഗുരുവിന്റെ ജനനം.'

ചരിത്രാന്വേഷണത്തിന്റെയും അറിവിന്റേയും ലോകത്തിലേക്ക് അനുവാചകരെ നയിക്കുന്നതാണ് പി.ആർ. ശ്രീകുമാറിന്റെ 'ശ്രീ നാരായണഗുരുവും വിമതസംന്യാസവും' എന്ന പുസ്തകം. ശ്രദ്ധേയമായ വീക്ഷണവും ഉൾക്കാഴ്ചകളുമാണ് ഈ പുസ്തകം നൽകുന്നത്. ആരംഭത്തിലുള്ള രചയിതാവിന്റെ 'സത്യവാദ്മൂലം' അനുസരിച്ച് 'ഇതൊരു ഗൗരവമുള്ള പുസ്തകമല്ല.' പക്ഷെ, ഗൗരവമുള്ള കാര്യങ്ങൾ തന്നെയാണ് പുസ്തകത്തിലുള്ളത്. ഒരു പക്ഷെ, ശാസ്ത്രീയസ്വഭാവം അധികം ഇതിനില്ലാത്തതുകൊണ്ടായിരിക്കാം ഇപ്രകാരം പറഞ്ഞുപോയത്. 'വിമതസംന്യാസം' എന്ന ആശയം എന്തുകൊണ്ടും ശ്രദ്ധേയമാണ്. വിമതത്വം സംന്യാസത്തിന്റെ സ്ഥായീഭാവമാണെന്നു പറയാം. യുക്തിയും മനുഷ്യനന്മയും ആവശ്യപ്പെടുന്ന വിയോജിപ്പും എതിർപ്പും നേരായ ആത്മീയപ്രസ്ഥാനത്തിന്റെ സ്വഭാവമാണ്. ലോകചരിത്രത്തിലെ ആത്മീയനേതൃത്വങ്ങളിലെല്ലാം ഇത് കാണാനാവും. അതിന്റെ ക്രിയാത്മകമായ മാനം മാനവവിമോചനമാണ്. ഭൗതികമായ ആർത്തിയും ദുരാഗ്രഹങ്ങളും മനുഷ്യനെ മനുഷ്യനല്ലാതാക്കിയ അവസ്ഥയിൽനിന്ന് മോചനം അന്വേഷിക്കുന്നതായിരുന്നു സംന്യാസം, അതിന്റെ ഉറവിടത്തിൽ. സ്വന്തം മോചനം മാത്രമല്ല, എല്ലാ വ്യക്തികളുടേയും സമൂഹത്തിന്റെ മോചനവും അത് ലക്ഷ്യമാക്കി. മാനവസമൂഹത്തെ വിമോചനത്തിലേക്കും സുസ്ഥിതിയിലേക്കും നയിക്കുക എന്ന വെല്ലുവിളിയാണ് വിമതത്വത്തിന്റെ സംന്യാസം ഉയർത്തുന്നത്.

ശ്രീ നാരായണഗുരുവും വിമതസംന്യാസവും

(ലേഖനങ്ങൾ)

പി.ആർ. ശ്രീകുമാർ

വില : 250 രൂപ

പ്രസാധകർ : മീഡിയ ഹൗസ് & സാഹിത്യ പ്രവർത്തക സഹക
രണസംഘം

Available online: https://www.mediahouse.online/product/sree-narayanaguruvum-vimatha-sanyasavum/